"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ ലക്ഷം വീട് സ്കീം പ്രകാരം നിർമ്മിച്ച ഇരട്ട വീട്ടുകൾ ഒറ്റ വീടാക്കുന്നതിനും രണ്ടു വീട്ടുകൾ പുനർ നിർമ്മിക്കുന്നതിനും പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.650/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/03/2020

പരാമർശം:- 1 ബഹു. പി. ഉബൈദുള്ള എം.എൽ.എയുടെ 16/10/2019-ലെ PU/11/2019/LSGD/TVM നമ്പർ കത്ത്.

2 14/09/2018ലെ സ.ഉ(സാധാ)നം.2421/2018/തസ്വഭവ നമ്പർ ഉത്തരവ്.

3 28/01/2020ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 2.3(4.56)

4 25/02/2020ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 2.3(4.56)

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിൽ 12 ലക്ഷം രൂപ വിനിയോഗിച്ച് ലക്ഷം വീട് സ്കീം പ്രകാരം നിർമ്മിച്ച രണ്ട് ഇരട്ടവീട്ടുകളും രണ്ട് ഒറ്റവീട്ടുകളും പുനർനിർമാണം നടത്താൻ 06/02/2018ലെ സിസി തീരുമാനം 4.23-ന്റെ വെളിച്ചത്തിൽ ഈ വകുപ്പിൽ നിന്നും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ വീടൊന്നിന് 2 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മാണം സാധിക്കാത്തതിനാൽ 2019-20 വാർഷിക പദ്ധതിയിൽ 42-ാം നമ്പർ പ്രോജക്ടായി ഭവന നിർമ്മാണ ബോർഡിൽ നിന്നും ലഭിച്ച 4,50,000/- രൂപയും തനത് ഫണ്ട് 19,50,000/- രൂപയും ഉൾപ്പെടെ 24 ലക്ഷം രൂപ അടങ്കൽ തുകക്ക് പദ്ധതി തയ്യാറാക്കി. വീടൊന്നിന് 4 ലക്ഷം രൂപ പ്രകാരം വിനിയോഗിച്ച് 6 വീട്ടുകൾ പുനരുദ്ധരിക്കുന്ന ഈ പദ്ധതിക്ക് അംഗീകാരം നൽകണമെന്ന് പരാമർശം (1) പ്രകാരം ബഹു. മലപ്പുറം എം.എൽ.എ അഭ്യർത്ഥിച്ചിരുന്നു.

2. ഈ വിഷയം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ശുപാർശയുടെ വെളിച്ചത്തിൽ പരാമർശം (4) പ്രകാരം കോർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റി 2019-20 വാർഷിക പദ്ധതിയിൽ 42-ാം നമ്പർ പ്രോജക്ടായി ഭവന നിർമ്മാണ ബോർഡിൽ നിന്നും ലഭിച്ച 4,50,000/- രൂപയും തനത് ഫണ്ട് 19,50,000/- രൂപയും ഉൾപ്പെടെ 24 ലക്ഷം രൂപ അടങ്കലോടുകൂടിയ പദ്ധതി പ്രകാരം വീടൊന്നിന് 4 ലക്ഷം രൂപ വീതം വിനിയോഗിച്ച് 6 വീട്ടുകൾ പുനരുദ്ധരിക്കുന്ന പദ്ധതിക്ക് പരാമർശം (4) പ്രകാരം അംഗീകാരം നൽകുന്നതിന് തീരുമാനിച്ചിരുന്നു.

3. ഈ സാഹചര്യത്തിൽ 2019-20 വാർഷിക പദ്ധതിയിൽ 42-ാം നമ്പർ പ്രോജക്ടായി ഭവന നിർമ്മാണ ബോർഡിൽ നിന്നും ലഭിച്ച 4,50,000/- രൂപയും തനത് ഫണ്ട് 19,50,000/- രൂപയും ഉൾപ്പെടെ 24 ലക്ഷം രൂപ(ഇരുപത്തിനാല് ലക്ഷം രൂപ മാത്രം) അടങ്കലോടു കൂടിയ പദ്ധതി പ്രകാരം വീടൊന്നിന് 4 ലക്ഷം രൂപ വീതം വിനിയോഗിച്ച് 6 വീട്ടുകൾ പുനരുദ്ധരിക്കുന്ന പുൽപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി/പ്രസിഡന്റ്, പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ